## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 368 12.06.2012 ൽ മറുപടിയ്ക്ക്

### മൂഴിയാർ ജനറേറ്ററിലെ പൊട്ടിത്തെറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പ് മന്ത്രി) |
| (എ) മൂഴിയാറിലെ ജനറേറ്റർ (എ) പൊട്ടിത്തെറിക്കുകയും രണ്ട്പേർ മരിക്കുകയും ചെയ്തത് സംബന്ധിച്ച് അന്നത്തെ സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | മൂഴിയാറിൽ 2008 മെയ് 16-ന് നടന്ന അപകടത്തെപ്പറ്റി അന്വേഷിക്കാൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA)യുടെ ചീഫ് എഞ്ചിനീയർ ശ്രീ.പി.എസ്.അഗർവാളിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും അവർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ടർബൈൻ റണ്ണറിന്റെ 'ഫറ്റിഗ് ഫെയിലർ' ആണ് അപകടത്തിന്റെ പ്രധാന കാരണം എന്ന നിഗമനത്തിലാണ് കമ്മിറ്റി എത്തിച്ചേർന്നത്. എല്ലാ പെൽട്ടൺ ടർബൈനിന്റെയും 'നോൺഡിസ്ട്രക്ടീവ് എക്സാമിനേഷൻ' കാലാകാലങ്ങളിൽ നടത്തണമെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1500 മുതൽ 2000 മണിക്കൂർ പ്രവർത്തിച്ചു കഴിയുമ്പോൾ ഓരോ ടർബൈനുകളിലും സൂക്ഷ്മ പരിശോധനയും 'മാഗ്നെറ്റിക് പാർട്ടിക്കിൾ' ടെസ്റ്റും നടത്തുന്നുണ്ട്. ഇത് കൂടാതെ 2000 മണിക്കൂർ പ്രവർത്തിക്കുമ്പോൾ ഓരോ ടർബൈനിലും 'ഡൈ പെനിട്രേഷൻ' ടെസ്റ്റും നടത്തുന്നുണ്ട്. |

(...2)

| | | | |
|---|---|---|---|
| (ബി) | മൂഴിയാറിലെ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ഏത് സ്ഥാപനത്തെയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഏൽപ്പിച്ചിരുന്നത്; ഓരോ ജനറേറ്ററുകൾക്കും നിശ്ചയിച്ചിരുന്ന തുക എത്ര വീതമായിരുന്നു; | (ബി) | VA-Tech Hydro എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. ആറു ജനറേറ്ററുകൾക്കും കൂടി 96.36 കോടി രൂപയാണ് അടങ്കൽ തുക. |
| (സി) | ജനറേറ്ററുകൾക്കും പെൻസ്റ്റോക്ക് പൈപ്പുകൾക്കുമുള്ള ഇൻഷ്വറൻസ് തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | ജനറേറ്ററുകൾ, പെൻസ്റ്റോക്ക് മറ്റ് ഉപകരണങ്ങൾ എന്നിവയുടെ യഥാർത്ഥ മൂല്യം കണക്കാക്കി ഇൻഷ്വറൻസ് നടത്തിയിട്ടില്ല. LIC-യിൽ നിന്നും വായ്പ ലഭ്യമാകുന്നതിനു വേണ്ടി ജനറേറ്ററുകളും പെൻസ്റ്റോക്ക് ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളും ഈട് നൽകുന്നതിന്റെ ഭാഗമായി 17,21,099 രൂപ മൂല്യം കണക്കാക്കി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ, ഇൻഷ്വർ ചെയ്തിരുന്നു. ജലവൈദ്യുത പദ്ധതികൾ ഇൻഷ്വർ ചെയ്യുന്നത് economically viable അല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇൻഷ്വറൻസ് തുക യഥാസമയം ആവശ്യപ്പെടാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു; ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | ഇൻഷ്വറൻസ് തുക യഥാസമയം ആവശ്യപ്പെടാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂഴിയാർ ജനറേഷൻ ഡിവിഷൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മൂഴിയാർ ജനറേഷൻ സർക്കിൾ എന്നിവർ ആണ്. ഇൻഷ്വറൻസ് ക്ലെയിം സമർപ്പിക്കുന്നതിൽ ഇവർ വീഴ്ച വരുത്തിയിട്ടില്ല. |

(- 3)

| | | | |
|---|---|---|---|
| (ഇ) | തുക ഈടാക്കാനുള്ള നടപടി യഥാസമയം സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ